# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## പ്രാർത്ഥന ആദ്ധ്യാത്മിക കാരുണ്യപ്രവർത്തി പാപ്പാ



പ്രാർത്ഥന ആദ്ധ്യാത്മിക കാരുണ്യപ്രവർത്തിയാണെന്ന് മാർപ്പാപ്പാ ഉദ്ബോധിപ്പിക്കുന്നു. കരുണയുടെ അസാധാരണ ജൂബിലി പ്രമാണിച്ച് വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ പൊതുവണക്കത്തിന് വച്ചിട്ടുള്ള വിശുദ്ധരായ പാദ്രെ പീയൊയുടെയും ലെയൊപോൾഡ് മാന്റിസിന്റെയും പൂജ്യദേഹം കണ്ടു വണങ്ങുന്നതിനെത്തിക്കൊണ്ടിരിക്കുന്ന തീർത്ഥാടകരിൽ വിശുദ്ധ പാദ്രെ പീയൊയുടെ പ്രാർത്ഥനാസംഘങ്ങൾക്കും അദ്ദേഹം സ്ഥാപിച്ച ആതുരാലയമായ സഹനത്തിന്റെ സാന്ത്വന ഭവനം എന്നർത്ഥമുള്ള, 'CASA SLOLLIEVO DELLA SOFFERENZA' (കാസ സൊള്ളിയേവൊ ദെല്ല സൊഫെറേൻസ) യിലെ ജീവനക്കാർക്കും മാൻഫ്രെദോണിയ വ്യെസ്തേ സാൻ ജൊവാന്നി റൊത്തോന്തൊ അതിരൂപതിയിൽ നിന്നെത്തിയിരുന്ന വിശ്വാസികൾക്കും ശനിയാഴ്ച(06/02/16) രാവിലെ അനുവദിച്ച പൊതുദർശനവേളയിലാണ് ഫ്രാൻസീസ് പാപ്പാ ഇതു പറഞ്ഞത്.

മുഴുവൻസമയ കാരുണ്യപ്രവർത്തകനായിരുന്നു വിശുദ്ധ പാദ്രെ പീയൊ എന്നു നമുക്കു പറയാൻ കഴിയുമെന്നും കമ്പസാരിപ്പിക്കുകയെന്ന ശുശ്രൂഷവഴി ദൈവപിതാവിന്റെ ജീവസുറ്റ തലോടലായി അദ്ദേഹം മാറിയെന്നും ബസിലിക്കാങ്കണത്തിൽ നിറഞ്ഞുനിന്ന ജനസഞ്ചയത്തോട് തദ്ദവസരത്തിൽ പാപ്പാ പറഞ്ഞു. പ്രാർത്ഥന നരകുലത്തിലാകമാനം സ്നേഹാഗ്നി പടർത്തുന്ന യഥാർത്ഥ ദൗത്യമാണെന്ന് പ്രസ്താവിച്ച പാപ്പാ, പ്രാർത്ഥന ലോകത്തെ ചലിപ്പിക്കുന്ന ശക്തിയാണെന്ന വിശുദ്ധ പാദ്രെ പീയോയുടെ വാക്കുകൾ അനുസ്മരിച്ചു. സകലത്തെയും ദൈവത്തിന്റെ ഹൃദയത്തിലേക്കെത്തിക്കുന്ന ആദ്ധ്യാത്മിക കാരുണ്യ പ്രവൃത്തിയാണ് പ്രാർത്ഥനയെന്നും അത് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ദാനമാണെന്നും ദൈവത്തിന്റെ ഹ!ദയത്തെ എളുപ്പത്തിൽ തുറക്കാൻ കഴിയുന്ന താക്കോലാണെന്നും പാപ്പാ വിശദീകരിച്ചു.

വിശുദ്ധ പാദ്രെ പീയൊ പ്രാർത്ഥനാസംഘങ്ങൾക്കൊപ്പം തന്നെ സഹനങ്ങളിൽ സാന്ത്വനമേകുന്നതിനുള്ള ഭവനം വേണമെന്നാഗ്രഹിച്ചതിനെയും സഹനത്തിന്റെ സാന്ത്വന ഭവനം, അഥവാ, ഇറ്റാലിയൻ ഭാഷയിൽ 'CASA SLOLLIEVO DELLA SOFFERENZA' (കാസ സൊള്ളിയേവൊ ദെല്ല സൊഫെറേൻസ) 60 വർഷം മുമ്പ് തുറക്കപ്പെട്ടതിനെയും കുറിച്ച്

പരാമർശിച്ച പാപ്പാ അത് ശ്രേഷ്ഠമായ ഒരാതുരാലയം മാത്രമല്ല, ശാസ്ത്രത്തിന്റെയും പ്രാർത്ഥനയുടെയും കോവിലുമായിരിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചിരുന്നുവെന്നനുസ്മരിച്ചു. സാങ്കേതികമായി കുറ്റമറ്റതായ ഒരു ചികിത്സയ്ക്കുപരിയായി മനുഷ്യത്വം, ഹൃദയത്തിന്റെ കരുതൽ, മനുഷ്യർക്കാവശ്യമുണ്ടെന്ന ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ ഫ്രാൻസീസ് പാപ്പാ ഇവിടെ കൂട്ടിച്ചേർത്തു.

രോഗചികിത്സയും രോഗീപരിചരണവും ഒരുപോലെ സുപ്രധാനമാണെന്നും പാപ്പാ പറഞ്ഞു. ശരീരത്തിന്റെ മുറിവുകളിൽ ഔഷധം പുരട്ടുമ്പോൾ ആത്മാവിന്റെ മുറിവുകൾ ആഴപ്പെടുന്നതു സംഭവിച്ചേക്കാമെന്നും ഈ മുറിവുണക്കൽ പ്രക്രിയ മന്ദഗതിയിലുള്ളതും പലപ്പോഴും ആയാസകരവും ആണെന്നും പാപ്പാ പ്രസ്താവിച്ചു. രോഗികളിലും വേദനയനുഭവിക്കുന്നവരിലും ക്രിസ്തു സാന്നിധ്യം തിരിച്ചറിയാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാൻ എല്ലാവരേയും ക്ഷണിച്ച പാപ്പാ രോഗി യേശുവാണ് എന്ന് വിശുദ്ധ പാദ്രെ പീയൊ ആവർത്തിച്ചിരുന്നത് അനുസ്മരിച്ചു.

കടപ്പാട് : syromalabarchurch.in